പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ :7210 03/11/2011-ൽ മറുപടിക്ക്

## പ്രാചീന കലാരൂപങ്ങളുടെ സംരക്ഷണത്തിന് നടപടി

| ചോദ്യം<br>ശ്രീമതി.പി.അയിഷാ പോറ്റി. | | മറുപടി<br>ശ്രീ .കെ .സി ജോസഫ്<br>ബഹു : ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി |
|---|---|---|
| (എ) കേരളത്തിലെ പ്രാചീന നാടൻകലാരൂപങ്ങൾ നാശോൻമുഖമായി വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) പ്രാചീന കലാരൂപങ്ങളുടെ സംരക്ഷണത്തിനും പ്രോത്സാഹനത്തിനുമായി എന്തെല്ലാം നടപടികൾ സ്വീകരിക്കും; | (ബി) | നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന പ്രാചീന കലാരൂപങ്ങളുടെ സംരക്ഷണത്തിനും പ്രോത്സാഹനത്തിനുമായി വിവിധ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ടൂറിസം വകുപ്പ് സംഘടിപ്പിച്ചു വരുന്ന 'ഉത്സവം' പോലുള്ള പരിപാടികളിലും കേരള നാടൻകലാ അക്കാദമി നടത്തുന്ന പരിപാടികളിലും കലാവതരണത്തിന് അവസരം നൽകിയും അവാർഡുകളും ഫെല്ലോഷിപ്പുകളും നൽകിയും പ്രാചീന കലാരൂപങ്ങളെയും കലാകാരന്മാരെയും പ്രോത്സാഹിപ്പിച്ചു വരുന്നു. പുതിയ തലമുറയ്ക്ക് ഇത്തരം കലകൾ പഠിക്കുന്നതിന് സ്റ്റൈപ്പന്റും നൽകുന്നുണ്ട്. ഇത്തരം കലകൾ ഫോക്‌ലോർ അക്കാദമിയിൽ ഡോക്യുമെന്റ് ചെയ്ത് വയ്ക്കാറുമുണ്ട്. ഈ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായും വിപുലപ്പെടുത്തിയും പ്രാചീന കലാരൂപങ്ങളുടെ സംരക്ഷണത്തിനും പ്രോത്സാഹനത്തിനും നടപടികൾ സ്വീകരിക്കും. |
| (സി) നാടൻകലാകാരൻമാർക്ക് ക്ഷേമ പദ്ധതി ഏർപ്പെടുത്തുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ? | (സി) | നിലവിൽ സർക്കാർ തലത്തിലും കേരള ഫോക്‌ലോർ അക്കാദമി തലത്തിലും കലാകാരൻമാർക്ക് ചികിത്സാ ധന സഹായം നൽകുന്നുണ്ട്. കൂടാതെ സാമ്പത്തിക ബുദ്ധിമുട്ടുള്ള കലാകാരന്മാർക്ക് പ്രതിമാസ പെൻഷനും നൽകുന്നുണ്ട്. കലാകാരൻമാർക്കുള്ള വിവിധ ക്ഷേമപദ്ധതികൾ വിഭാവനം ചെയ്തുകൊണ്ടുള്ള ഒരു കലാകാര ക്ഷേമനിധിയുടെ പ്രവർത്തനം ഉടൻ ആരംഭിക്കുന്നതാണ്.ഇതിൽ നാടൻ കലാകാരൻമാരെയും ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ